(സി) ജനക്കൂട്ടനിയന്ത്രണം ഫലപ്രദമാക്കുന്നതിനുവേണ്ടി എം.ജി.പി.-യിൽ ഉൾപ്പെടുത്തി ആധുനിക വീഡിയോവിഷ്വൽ ഉപകരണങ്ങൾ പോലീസ്സേനയ്ക്കു വേണ്ടി സജ്ജമാക്കുന്ന കാര്യം പരിഗണിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) പോലീസ് വകുപ്പിലെ ആധുനികവത്ക്കരണ പദ്ധതിയുടെ ഭാഗമായി എം.ജി.പി.-യുടെ സർവ്വീസ് ഡെലിവറി പ്രോജക്ടിൽ ഉൾപ്പെടുത്തി 57 പോലീസ് സ്റ്റേഷനുകളെ തെരഞ്ഞെടുത്ത് മാതൃകാ പോലീസ് സ്റ്റേഷനുകൾ ആക്കി നവീകരിക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു. നവീകരണത്തിന്റെ ഭാഗമായി ഈ സ്റ്റേഷനുകളിൽ റിസപ്ഷൻ കൗണ്ടർ പ്രവർത്തനം ആരംഭിച്ചു. പോലീസ് സ്റ്റേഷനുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി പോലീസുകാരുടെ ഡ്യൂട്ടി സമയം 8 മണിക്കൂർ ആയി നിജപ്പെടുത്തുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ പോലീസ് സ്റ്റേഷനുകളിൽ ആവശ്യമായ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുക, കെട്ടിട സൗകര്യം വിപുലപ്പെടുത്തുക, വാഹനങ്ങൾ വാങ്ങുക, മറ്റ് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവയ്ക്കായി സമർപ്പിച്ച പദ്ധതികൾ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ആധുനികവൽക്കരണത്തിന്റെ ഭാഗമായി പോലീസ് സ്റ്റേഷനുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ഒന്നും എം.ജി.പി.-യിൽ ഇല്ല. എന്നാൽ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും, പൊതുജനങ്ങൾക്ക് വേഗത്തിലും എളുപ്പത്തിലും സേവനലഭ്യത ഉറപ്പു വരുത്തുന്നതിനുമായി പോലീസ് സ്റ്റേഷനുകളിൽ എം.ജി.പി.-യുടെ ഭാഗമായി കമ്പ്യൂട്ടർ വാങ്ങുന്നുണ്ട്.

(സി) ഈ നിർദ്ദേശം പരിശോധിച്ചു വരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന സാമ്പത്തിക ബുദ്ധുമുട്ടുകൾ പരിഹരിക്കാൻ നടപടി

*23 [531] ഡോ. തോമസ് ഐസക്:

ശ്രീ. ടി. കെ. ദേവകുമാർ:

,, വി. കെ. ചന്ദ്രൻ:

,, കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് പരിഹാരം കാണാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) അടിസ്ഥാന നികുതി, ഗ്രാന്റ്, വെഹിക്കിൾ ടാക്സ്, കോമ്പൻസേഷൻ ഗ്രാന്റ്, വസ്തു കൈമാറ്റ നികുതി, റൂറൽ പൂൾ ഗ്രാന്റ് എന്നീ ഇനങ്ങളിൽ എത്ര തുക വീതം സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുവാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിയേതര ഗ്രാന്റുകൾ വിതരണം ചെയ്യുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) ഉണ്ട്.

(ബി) (1) രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം 2004-2005 സാമ്പത്തിക വർഷം മുതൽ അടിസ്ഥാന നികുതി ഗ്രാന്റ്, വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ ഗ്രാന്റ്, വസ്തു കൈമാറ്റ നികുതി, റൂറൽ പൂൾ ഗ്രാന്റ് എന്നീ ഇനങ്ങളിൽ നൽകി വന്നിരുന്ന നോൺപ്ലാൻ ഗ്രാന്റുകൾ നിർത്തലാക്കി പകരം സംസ്ഥാനത്തിന്റെ സ്വന്തം നികുതി വരുമാനത്തിന്റെ 9 ശതമാനം തുക നോൺ പ്ലാൻ ഗ്രാന്റിലുൾപ്പെടുത്തി, അതിൽ 3.5 ശതമാനം തുക പൊതുആവശ്യങ്ങൾക്കായുള്ള ഗ്രാന്റായും 5.5 ശതമാനം തുക മെയിന്റനൻസ് ഗ്രാന്റായും ത്രിതല പഞ്ചായത്തുകൾക്ക് നൽകുവാൻ ഉത്തരവായി. അത് പ്രകാരം 4-11-2004-ലെ സ.ഉ.(കൈ) നം. 310/04/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 325.79 കോടി രൂപ മെയിന്റനൻസ് ഗ്രാന്റായും, 25-11-2004-ലെ സ.ഉ.(കൈ) 318/2004/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 205.32 കോടി രൂപ ജനറൽ പർപ്പസ് ഗ്രാന്റായും സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പുസാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

മെയിന്റനൻസ് ഗ്രാന്റും, പൊതു ആവശ്യ ഗ്രാന്റും, സംസ്ഥാന നികുതി വരുമാനത്തിന്റെ 9 ശതമാനമായി നിശ്ചയിച്ചതുമൂലം സർക്കാർ നികുതി വരുമാനത്തിലെ വർദ്ധനവ് ത്രിതല പഞ്ചായത്തുകളുടെ വരുമാനത്തിലും വരും വർഷങ്ങളിൽ പ്രതിഫലിക്കുന്നതാണ്.

(2) ലൈസൻസ് ഫീ കൂട്ടാനുള്ള രണ്ടാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശത്തിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(3) പഞ്ചായത്തിന്റെ സ്വന്തം നികുതി വരുമാനം കൂട്ടാൻവേണ്ടി വസ്തു നികുതി, തൊഴിൽനികുതി, പരസ്യനികുതി എന്നിവയുടെ അസ്സസ്സ്മെന്റ് രീതിയിൽ മാറ്റങ്ങൾ വരുത്താൻ തീരുമാനിച്ചിട്ടുണ്ട്.

(4) മൂന്നാം ധനകാര്യ കമ്മീഷനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(സി) അടിസ്ഥാന നികുതി ഗ്രാന്റ്, വസ്തു കൈമാറ്റ നികുതി ഗ്രാന്റ് എന്നീ ഇനങ്ങളിൽ മുൻവർഷങ്ങളിൽ അനുവദിച്ച തുകകളെല്ലാം തന്നെ ഗ്രാമപഞ്ചായത്തുകൾക്ക് വിതരണം ചെയ്തു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly